(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 1 മുതൽ 676 ദിവസം വരെ വിവിധ കാലയളവുകളും ടി കാലയളവിനുള്ളിൽ നടപ്പിലാക്കേണ്ട പദ്ധതികളും നിശ്ചയിച്ചിട്ടുണ്ട്. സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി സഹകരണസംഘം രജിസ്ട്രാർ ഓഫീസ് തലത്തിൽ സഹകരണസംഘം രജിസ്ട്രാർ അദ്ധ്യക്ഷനായും, അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്), ജോയിന്റ് രജിസ്ട്രാർ (എസ്.സി./എസ്.റ്റി.), ഫിനാൻസ് ആഫീസർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്.

മങ്കട രവിവർമ്മയ്ക്ക് സ്മാരകം

120 (460) <u>ശ്രീ റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച പ്രശക്ത ചലച്ചിത്ര ഛായാഗ്രാഹകൻ മങ്കട രവിവർമ്മക്ക് ജന്മനാട്ടിൽ സ്മാരകം പണിയുന്നതിനായി, മങ്കട വില്ലേജിൽ ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമി വിട്ടുകൊടുക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഭൂമി വിട്ട് കൊടുക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മങ്കട വില്ലേജിലെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഭൂമിയിൽ ബോർഡിന്റെ 3 ഉല്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നതിനാലും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലം ആവശ്യമായതിനാലും പ്രസ്തുത സ്ഥലം സ്മാരകം പണിയുന്നതിനായി വിട്ടുനൽകാൻ കഴിയില്ല എന്ന വിവരം സാംസ്കാരിക വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly